# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4837**      **26-06-2019-ൽ**
മറുപടി നൽകേണ്ടത്

## വിദ്യാർത്ഥി സംഘടനകൾക്ക് അംഗീകാരം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഇ.കെ.വിജയൻ** :<br>**ശ്രീമതി ഗീതാ ഗോപി**<br>**ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ**<br>**ശ്രീ.മുഹമ്മദ് മുഹസിൻ പി.** | **ഡോ. കെ .ടി. ജലീൽ**<br>**(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വിവിധ കലാലയങ്ങളിൽ അംഗീകൃത വിദ്യാർത്ഥി സംഘടനകൾക്ക് പ്രവർത്തിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ വിവിധ കലാലയങ്ങളിൽ അംഗീകൃത വിദ്യാർത്ഥി സംഘടനകൾക്ക് പ്രവർത്തിക്കുന്നതിന് പ്രത്യേക അനുമതി നൽകിയിട്ടില്ല. |
| (ബി) | കലാലയങ്ങളിൽ രാഷ്ട്രീയ പ്രവർത്തനം നടത്തുന്ന വിദ്യാർത്ഥി സംഘടനകൾക്ക് അംഗീകാരം ലഭിക്കുന്നതിന് വേണ്ട മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | (ബി) യും (സി) യും (ഡി) യും | കലാലയങ്ങളിൽ വിദ്യാർത്ഥി സംഘടനാ പ്രവർത്തനം നിയന്ത്രിക്കുന്നതിന് ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം സർക്കാർ പ്രത്യേക നിയമ നിർമ്മാണം നടത്തേണ്ടതുണ്ട്. പ്രസ്തുത നിയമനിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് സംഘടനകളുടെ അംഗീകാരം, കലാലയങ്ങളിൽ വിദ്യാത്ഥികൾ നേരിടുന്ന പ്രശ്നങ്ങളിൽ വിദ്യാർത്ഥി സംഘടനകൾക്ക് ഇടപെടുന്നതിനുള്ള വ്യക്തമായ മാനദണ്ഡങ്ങൾ എന്നിവ സംബന്ധിച്ച നിയമാവലി നിലവിൽവരുന്നതാണ്. |
| (സി) | ഇത്തരം സംഘടനകൾക്ക് ഏതൊക്കെ കാര്യങ്ങളിൽ ഇടപെടൽ നടത്താമെന്ന് വ്യക്തമാക്കുമോ; | | |
| (ഡി) | കലാലയങ്ങളിൽ അധികൃതരുടെ നടപടി മൂലം ദുരിതം അനുഭവിക്കുന്നവർ ഉൾപ്പെടെയുള്ള വിദ്യാർത്ഥികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിനും അതിന് പരിഹാരം ആവശ്യപ്പെടുന്നതിനും പരിഹാര നടപടികൾ ഉറപ്പാക്കുന്നതിനും വിദ്യാർത്ഥി സംഘടനകൾക്ക് സാധിക്കുമോ; | | |

| | | | |
|---|---|---|---|
| (ഇ) | സ്വാശ്രയ കോളേജുകളിൽ നിന്നും വിദ്യാർത്ഥികൾക്കുണ്ടാകുന്ന വിവേചനപരമായ സമീപനങ്ങളിലും അടിസ്ഥാന ആവശ്യങ്ങൾ നിരാകരിക്കുന്നത് ഉൾപ്പെടെയുള്ള പ്രശ്നങ്ങളിലും ഇടപെടുന്നതിന് വിദ്യാർത്ഥി സംഘടനകൾക്ക് കഴിയുമോ; വ്യക്തമാക്കുമോ? | (ഇ) | പൊതുവേ സ്വാശ്രയ കോളേജ് മാനേജ്മെന്റുകൾ ക്യാമ്പസുകളിൽ വിദ്യാർത്ഥി സംഘടനാ പ്രവർത്തനങ്ങൾ നിരോധിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ ചില മാനേജ്മെന്റുകൾ പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ നിയമനിർമ്മാണം നടപ്പിലാക്കുന്ന മുറയ്ക്ക് വിദ്യാർത്ഥികൾക്കുണ്ടാകുന്ന അടിസ്ഥാന ആവശ്യങ്ങളിൽ സംഘടനകൾക്ക് ഇടപെടാനാകും. |

**സെക്ഷൻ ഓഫീസർ**